## ഭരണഭാഷ - മാതൃഭാഷ

നമ്പർ യു.ജി.സി. സെൽ 3/42245/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 28/06/2018
ഫോൺ : 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - യു.ജി.സി സെൽ -7-ാം യു.ജി.സി. സ്കീം നടപ്പിലാക്കുന്നത് - ബാധ്യത കണക്കാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 15.11.2017 ലെ സി3/212/2017/ഉ.വി.വ. നമ്പർ സർക്കാർ കത്ത്.

7-ാം യു.ജി.സി. ശമ്പള പരിഷ്ക്കരണം സംസ്ഥാനത്തെ കോളേജുകളിൽ നടപ്പിലാക്കുന്നതിനായി ഇതു സംബന്ധമായ സാമ്പത്തിക ബാധ്യത അടിയന്തിരമായി കണക്കാക്കി നൽകുന്നതിന് സർക്കാർ വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. എന്നാൽ 6-ാം യു.ജി.സി. സ്കീം പ്രകാരമുള്ള പ്ലേസ്മെന്റുകൾ ഗവൺമെന്റ് കോളേജിൽ നടപ്പിലാക്കിയിട്ടില്ലാത്തതും എയ്ഡഡ് കോളേജുകളിൽ ഭാഗീകമായി മാത്രം അതാത് യൂണിവേഴ്സിറ്റികൾ നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സാങ്കൽപികമായി പ്ലേസ്മെന്റുകൾ നടപ്പിലാക്കിയതായി കണക്കാക്കിക്കൊണ്ട് 1/1/2016 പ്രാബല്യത്തിലുള്ള ശമ്പള ബാദ്ധ്യതയിന്മേൽ വിലയിരുത്തൽ നടത്തേണ്ടി വരുന്നു.

മേൽ സാഹചര്യത്തിൽ എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാരും തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ (6-ാം സ്കീമിലെ) 1.1.2016 ലെ ശമ്പള സ്റ്റേജും ശമ്പള സ്കെയിലും (എല്ലാ പ്ലേസ്മെന്റ് ലഭിച്ചതായി കണക്കാക്കിക്കൊണ്ടുള്ള) പ്രകാരം, 7-ാം ശമ്പള പരിഷ്ക്കരണത്തിലെ ഏതേത് സ്റ്റേജുകളിൽ നിർണ്ണയിക്കപ്പെടാവുന്നതാണ് എന്ന കണക്കെടുത്ത് Excel format ൽ ഈ വകുപ്പിൽ ugccelldce@gmail.com എന്ന മെയിലിലേയ്ക്ക് ഇ-മെയിൽ മുഖേന നൽകണമെന്ന് അറിയിക്കുന്നു.

എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർ താങ്ങളുടെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് വിശദാംശം നൽകുകയും ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാ കോളേജിൽ നിന്നും വിവരം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തി കൺസോളിഡേറ്റ് ചെയ്ത വിവരം ഡയറക്ടർക്ക് നൽകുകയും ചെയ്യേണ്ടതാണ്.

7-ാം ശമ്പള പരിഷ്ക്കരണത്തിൽ (6/11/2017 ൽ മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ കത്ത് ഖ.2 g പ്രകാരം) 31.12.2015 ലെ ശമ്പളം എ.ജി.പി. എന്നിവയുടെ തുകയെ 2.67/2.72 കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയുടെ തുല്യമായ പുതിയ സെല്ലിൽ ശമ്പളം നിർണ്ണയിക്കേണ്ടതും തുല്യമായ സെൽ ലഭ്യമല്ലാത്ത പക്ഷം തൊട്ടുമുകളിലുള്ള സെല്ലിൽ നിർണ്ണയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (എം.എച്ച്.ആർ.ഡി.യുടെ 6/11/17 ലെ കത്തും ശമ്പള നിർണ്ണയ പട്ടികയും ഉള്ളടക്കം ചെയ്യുന്നു) അതിനനുസരിച്ച് താഴെ പറയുന്ന വിവരങ്ങളാണ് വകുപ്പിനാവശ്യമായിട്ടുള്ളത്.

2345 GOVERNMENT OF KERALA 2017-18

| Scale | BP including AGP as on 1/1/16 (6th Pay revision) | | Revised BP as on 1/1/16 (7th Pay revision) | Total number of teachers |
|---|---|---|---|---|
| | Existing | Anticipated | | |
| AGP 6000 | | | | |
| AGP 7000 | | | | |
| AGP 8000 | | | | |
| AGP 9000 | | | | |
| AGP 10000 | | | | |

എല്ലാ പ്രിൻസിപ്പാൾമാരും മേൽപറഞ്ഞ രീതിയിൽ വിശദാംശങ്ങൾ ജൂലൈ 5 തീയതിയ്ക്കുള്ളിലും എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജൂലൈ 9-ാം തീയതിയ്ക്കുള്ളിലും വിവരങ്ങൾ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്.
അഡീഷണൽ ഡയറക്ടർ


0471-2303107
adce.colledn@kerala.gov.in


വകുപ്പ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്
പകർപ്പ്- 1) എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും
2) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/29/6/18

GOVERNMENT OF KERALA 2017-18